/80807/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജൻഡർ അവെയർനെസ് പ്രോഗ്രാം - ഫെബ്രുവരി 10 മുതൽ മാർച്ച് 7 വരെ ജില്ലകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ ഉ (സാധാ) നം. 352/2022/വ ശി വി വ തീയതി, 02/08/2022

**ഉത്തരവ് നം. DWCD/6532/2022-WEC1 തീയതി: 10-02-2023**

സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളും സ്ത്രീകൾ നേരിടുന്ന അസമത്വവും തടയുന്നതിന്റെ ഭാഗമായി ജനങ്ങളുടെ ഇടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ലിംഗനീതി സമത്വത്തിലധിഷ്ഠിതമായ ബോധവൽക്കരണ പരിപാടികൾ ജില്ലകളിൽ 2023 ഫെബ്രുവരി 10 മുതൽ മാർച്ച് 7 വരെ ജില്ലകളിൽ സംഘടിപ്പിക്കേണ്ടതാണ്. "DigitALL: Innovation and technology for gender equality", " ലിംഗ സമത്വത്തിനായുള്ള നവീകരണവും സാങ്കേതിക വിദ്യയും " എന്നതാണ് ഇക്കൊല്ലത്തെ തീം. ലിംഗനീതി സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടത് അനിവാര്യമായ ഘടകമാണ്. ആയത് ബോധവൽക്കരണ പരിപാടികളിലൂടെ മാത്രമേ സാധ്യമാകൂ.

ആയതിന്റെ ഭാഗമായി ജില്ലകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും 20,000/- രൂപ വീതം 14 ജില്ലകൾക്കായി ആകെ 2,80,000/- ( രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ചുവടെ പറയുന്ന പട്ടിക പ്രകാരം ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ടി തുകയിൽ അധികരിക്കാത്തവിധം പരിപാടികൾക്കായി തുക ക്രമീകരിക്കേണ്ടതാണ്. വിശദമായ സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 20,000/- |
| 2 | കൊല്ലം | 20,000/- |
| 3 | ആലപ്പുഴ | 20,000/- |
| 4 | പത്തനംതിട്ട | 20,000/- |
| 5 | കോട്ടയം | 20,000/- |
| 6 | ഇടുക്കി | 20,000/- |
| 7 | എറണാകുളം | 20,000/- |
| 8 | തൃശ്ശൂർ | 20,000/- |
| 9 | പാലക്കാട് | 20,000/- |
| 10 | മലപ്പുറം | 20,000/- |
| 11 | കോഴിക്കോട് | 20,000/- |
| 12 | വയനാട് | 20,000/- |
| | | |

/80807/2023

| | | |
|---|---|---|
| 13 | കണ്ണൂർ | 20,000/- |
| 14 | കാസർഗോഡ് | 20,000/- |
| | | 2,80,000/- (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) |

ഇതിലേക്കാവശ്യമായ 2,80,000/- (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-02-34-03 PLAN എന്ന ശീർഷകത്തിൽ നിന്നും ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറായി നൽകേണ്ടതാണ്. ജില്ല വനിത ശിശു വികസന ഓഫീസർക്ക് ജില്ലയിലെ പ്രോഗ്രാം ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, ശിശു സംരക്ഷണ ഓഫീസർ എന്നിവരുടെ സേവനം ടി പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിനിയോഗിക്കാം. പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധനവിനിയോഗ സാക്ഷ്യപത്രവും ജില്ല വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ മാർച്ച് 31 നകം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
2. വെബ്സൈറ്റിൽ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
**സൂപ്രണ്ട്**

**Signed by Priyanka G**
**Date: 10-02-2023 15:24:09**